ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.ജി2/4218/2022/മെ.വി.വ. തീയതി:13-08-2023

**കുറ്റാരോപണ പത്രിക**

എറണാകുളം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.പാർവതി വി ദാസിനെതിരെയുള്ള ചാർജ്ജ് .

ഡോ.പാർവതി വി ദാസ് എന്ന താങ്കൾ എറണാകുളം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി നോക്കി വരവേ യു.എസ്.എ യിലെ "MARSHALL" യുണിവേഴ്സിറ്റിയിൽ പി.എച്ച്ഡി കോഴ്സ് ചെയ്യുന്നതിന് 01.07.2022 മുതൽ അവധിക്ക് അപേക്ഷ സമർപ്പിക്കുകയും 01.07.2022 മുതൽ ജോലിയിൽ നിന്നും വിട്ട് നിൽക്കുകയും ചെയ്തു. താങ്കളുടെ അവധി അപേക്ഷ പ്രിൻസിപ്പാൾ നിരസിക്കുകയും ജോലിയിൽ തിരികെ പ്രവേശിക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു എന്നാൽ താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കാതിരിക്കുകയും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു.

ഉത്തരവാദിത്വമുള്ള സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ 01.07.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവ്വീസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ താങ്കൾക്കെതിരെ കുറ്റപത്രം പുറപ്പെടുവിക്കുന്നു.

ഡയറക്ടർ
THOMAS MATHEW
DIRECTOR

സ്വീകർത്താവ് : ഡോ.പാർവതി വി ദാസ് , അസിസ്റ്റന്റ് പ്രൊഫസർ, മൈക്രോബയോളജി വിഭാഗം, മെഡിക്കൽ കോളേജ്, എറണാകുളം (പ്രിൻസിപ്പാൾ മുഖേന)

ആരോപണത്തിനു ആധാരമായ രേഖകൾ:- എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 06.07.2022, 23.07.2022, 12.07.2023 തീയതികളിലെ നം.ഇ1/3658/2022/ജി.എം.സി .ഇ നമ്പർ കത്തുകൾ

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

നമ്പർ.ജി2/4218/2022/മെ.വി.വ. തീയതി:13-08-2023

**കുറ്റപത്രം**

ഡോ.പാർവതി വി ദാസ് എന്ന താങ്കൾ എറണാകുളം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി നോക്കി വരവേ യു.എസ്.എ യിലെ "MARSHALL" യുണിവേഴ്സിറ്റിയിൽ പി.എച്ച്ഡി കോഴ്സ് ചെയ്യുന്നതിന് 01.07.2022 മുതൽ അവധിക്ക് അപേക്ഷ സമർപ്പിക്കുകയും 01.07.2022 മുതൽ ജോലിയിൽ നിന്നും വിട്ട് നിൽക്കുകയും ചെയ്തു. പ്രസ്തുത കോഴ്സ് ചെയ്യുന്നതിന് താങ്കൾ വകുപ്പ് മേധാവിയിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കിയിരുന്നില്ല. താങ്കളുടെ അവധി അപേക്ഷ പ്രിൻസിപ്പാൾ നിരസിക്കുകയും ജോലിയിൽ തിരികെ പ്രവേശിക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു എന്നാൽ മേലധികാരി നിർദേശിച്ചതിൻ പ്രകാരം ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്.

കേരള സിവിൽ സർവീസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള ശിക്ഷാനടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് അറിയിക്കുവാൻ താങ്കളോട് ഇതിനാൽ ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നല്കുന്നതിനായി ഈ കുറ്റാരോപണപത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദപത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നല്കാനില്ലെന്ന അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആയതു അറിയിക്കേണ്ടതാണ്. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിന് ആധാരമായ രേഖകൾ പരിശോധിക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതിവാദപത്രിക സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുൻപുള്ള ഏതെങ്കിലും പ്രവർത്തി ദിവസം താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച, അവയിൽ നിന്നുള്ള ആവശ്യമായ ഭാഗങ്ങൾ എഴുതിയെടുക്കാവുന്നതാണ്.

മേൽ പറഞ്ഞ ചാർജ്ജുകൾക്കാധാരമായ ആരോപണവിവരം ഇതോടൊപ്പം ചേർക്കുന്നു.

ഡയറക്ടർ
THOMAS MATHEW
DIRECTOR

സ്വീകർത്താവ് : ഡോ.പാർവതി വി ദാസ്
അസിസ്റ്റന്റ് പ്രൊഫസർ, മൈക്രോബയോളജി വിഭാഗം,
സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം